**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2518** **12-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിലെ പുതിയ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ജീവനക്കാരായ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് ജീവനക്കാരുടെ ശമ്പളം പഞ്ചായത്ത്/മുൻസിപ്പാലിറ്റികളിൽ നിന്നാക്കുവാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളം പഞ്ചായത്ത്/ മുൻസിപ്പാലിറ്റികളിൽ നിന്നാക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ബി) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് വേണ്ടി രൂപീകരിച്ച പുതിയ തസ്തികകൾ ഏതൊക്കെയെന്നും അപ്ഗ്രേഡ് ചെയ്ത തസ്തികകൾ ഏതൊക്കെയെന്നും ഓരോ പുതിയ തസ്തികകളുടെയും ശമ്പള സ്കെയിൽ എത്രയാണെന്നും പുതിയ തസ്തികകൾ കാരണം സർക്കാരിന് വരുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്നും അറിയിക്കുമോ; | (ബി) | <u>ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന് വേണ്ടി രൂപീകരിച്ച പുതിയ തസ്തികകൾ</u><br><br>അഡീഷണൽ ഡയറക്ടർ(112800-163400)-1<br><br>ജോയിന്റ് ഡയറക്ടർ (107800-160000)-7<br><br>അപ്ഗ്രേഡ് ചെയ്ത തസ്തികകൾ അനുബന്ധമായി ചേർക്കുന്നു.<br><br>സ്റ്റേറ്റ് സർവ്വീസിലെ തസ്തികകളുടെ സൃഷ്ടിക്കൽ, അപ്ഗ്രഡേഷന്റെ ഭാഗമായി ഉണ്ടാകുന്ന ആകെ പ്രതിവർഷ സാമ്പത്തിക ബാദ്ധ്യത 2,37,16,764/- രൂപ(രണ്ടു കോടി മുപ്പത്തിയേഴ ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) ആണ്. സബോർഡിനേറ്റ് സർവ്വീസിലെ തസ്തികകൾ ഉയർത്തുമ്പോൾ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. |
| (സി) | ജോയിന്റ് ഡയറക്ടർ തസ്തികകളിലേക്ക് നിയമനം നടത്തിയപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരിച്ച് 17.07.2020-ലെ സ.ഉ(കൈ) നം.106/2020/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവിയായി ജോയിന്റ് ഡയറക്ടർ/ ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ എന്നിവർക്ക് സമാനമായ ഒരാളെ നിയമിക്കേണ്ടതാണെന്ന് ഉത്തരവായിരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനം 2022 ഫെബ്രുവരി 19 ന് ബഹു.മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| | | | നിർവ്വഹിക്കുകയുണ്ടായി. അന്നേ ദിവസം മുതൽ തന്നെ ഏകീകൃത വകുപ്പിന്റെ ജില്ലാ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും ടി ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുമായി ഏകീകൃത വകുപ്പിന്റെ ജില്ലാ ഓഫീസുകളുടെ ചുമതല ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥർക്ക് താൽക്കാലികമായി നൽകിക്കൊണ്ട് 17/02/2022 ലെ സ.ഉ(സാധാ)നം.347/2022/LSGD പ്രകാരം ഉത്തരവായിരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അപ്ഗ്രേഡ് ചെയ്യു തസ്തികകൾ</u>**

| ക്രമ നം. | നിലവിലെ തസ്തിക | നിലവിലെ സ്കെയിൽ | അപ്ഗ്രേഡ് ചെയ്യുന്ന തസ്തിക | അപ്ഗ്രേഡ് ചെയ്യുന്ന സ്കെയിൽ | അപ്ഗ്രേഡ് ചെയ്യുന്ന തസ്തികകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കോർപ്പറേഷൻ സെക്രട്ടറി | 95600-153200 | ജോയിന്റ് ഡയറക്ടർ | 107800-160000 | 6 |
| 2 | കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി | 95600-153200 | ജോയിന്റ് ഡയറക്ടർ | 107800-160000 | 6 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് | 63700-123700 | ഡെപ്യൂട്ടി ഡയറക്ടർ | 95600-153200 | 17 |
| 4 | മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് I | 77200-140500 | ഡെപ്യൂട്ടി ഡയറക്ടർ | 95600-153200 | 12 |
| 5 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് | 59300-120900 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 14 |
| 6 | ഇന്റേണൽ വിജിലൻസ് ഓഫീസർ | 56500-118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 66 |
| 7 | a) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (Panchayat/CRD/CTP/LIDE, LSGD) | 59300-120900 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 5 |
|  | b) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (Urban Affairs) | 56500-118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 1 |
| 8 | പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ഓഫീസർ, പഞ്ചായത്ത് വകുപ്പ് | 56500-118100 | അസിസ്റ്റന്റ് ഡയറക്ടർ | 63700-123700 | 1 |
| 9 | മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III | 55200-115300 | സീനിയർ സെക്രട്ടറി | 56500-118100 | 49 |
| 10 | ക്യാമ്പയിൻ ഓഫീസർ | 50200-105300 | സ്റ്റേറ്റ് | 51400-110300 | 2 |

| | | | | | |
|---|---|---|---|---|---|
| | (റൂറൽ ഇൻഫർമേഷൻ ബ്യൂറോ) | | കമ്മ്യൂണിക്കേഷൻ ഓഫീസർ | | |
| 11 | ഹെൽത്ത് സൂപ്പർവൈസർ | 50200-105300 | ക്ലീൻ സിറ്റി മാനേജർ (മുനിസിപ്പാലിറ്റി /കോർപ്പറേഷൻ) | 51400-110300 | 44 |
| 12 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, പഞ്ചായത്ത് വകുപ്പ് | 35600-75400 | പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I) | 37400-79000 | 10 |